**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- ആലപ്പുഴ ജില്ലയിലെ മുട്ടാർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ളാർക്ക് ശ്രീ.കെ.സി.ശിശുപാലന്റെ ഹാജരില്ലായ്മക്കാലയളവ് 'നോൺ ഡ്യൂട്ടി' ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.1328/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 11/05/2018

==================================================================

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.08.2015 ലെ ഇ 6-120/14 നമ്പർ നടപടിക്രമം.

3) ശ്രീ.കെ.സി.ശിശുപാലന്റെ 23.08.2012 ലെ ശൂന്യവേതനാവധിയപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 31.07.2013, 17.12.2017 എന്നീ തീയതികളിലെ ഇ 6-210/2011 നമ്പർ
കത്തുകൾ.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ മുട്ടാർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ളാർക്ക് ശ്രീ.കെ.സി.ശിശുപാലന്റെ 01.09.2010 മുതൽ 31.07.2013 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.കെ.സി.ശിശുപാലൻ, 05.08.2010 ന് സേവനത്തിൽ പ്രവേശിച്ചു. ശ്രീ.കെ.സി.ശിശുപാലൻ സമർപ്പിച്ച 23.06.2011 തീയതിയിലുള്ള കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാന്റെ കോഴ്സ് 01.09.2010 മുതൽ 31.07.2013 വരെയാണ്. ടിയാൻ അനുമതി ലഭിക്കാതെയാണ് കെ എസ് ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം ഉപരിപഠനാർത്ഥം അവധിയിൽ പ്രവേശിച്ചത്. മാത്രവുമല്ല കോഴ്സ് കാലാവധി അവസാനിച്ച ശേഷം 19.11.2013 ൽ ആണ് ടിയാൻ സേവനത്തിൽ പുന:പ്രവേശിച്ചിരിക്കുന്നത്. അനധികൃതമായി സേവനത്തിൽ ഹാജരാകാതിരുന്നതിന് ടിയാന് സെൻഷ്വർ ശിക്ഷ നൽകി അച്ചടക്ക നടപടി പരാമർശം(2) പ്രകാരം തീർപ്പാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ മുട്ടാർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ളാർക്ക് ശ്രീ.കെ.സി.ശിശുപാലന്റെ 01.09.2010 മുതൽ 31.07.2013 വരെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം 12 ബി യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ടും, 01.08.2013 മുതൽ 18.11.2013 വരെയുള്ള അനധികൃത ഹാജരില്ലായ്മക്കാലയളവ് ടിയാന്റെ മുൻകാല സർവീസ് നഷ്ടമാകും വിധം 'നോൺ ഡ്യൂട്ടി' ആയി ക്രമീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഗവ. ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(സേവന പുസ്തകം സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, മുട്ടാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ.കെ.സി.ശിശുപാലൻ, മുൻ ക്ലാർക്ക്, മുട്ടാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധന വകുപ്പ്(11.04.2018 ലെ DEV-1/55/2018 ധന നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(230/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ